## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2917** **10.03.2017-ൽ മറുപടിയ്ക്ക്**

### റോഡ് നശീകരണത്തിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ബഹു. ഹൈക്കോടതിയുടെ ഉത്തരവും ഇതിൻപ്രകാരം ഡി.ജി.പിയുടെ സർക്കുലറും, ഹൈവേ പ്രൊട്ടക്ഷൻ ആക്ടും നിലവിലുണ്ടായിരുന്നിട്ടും റോഡിന്റെ വശങ്ങളിലും തിരക്കേറിയ ടൗണുകളിൽ പോലും പ്ലാസ്റ്റിക്കും മറ്റ് കച്ചവടാവശിഷ്ടങ്ങളും കത്തിച്ച് റോഡ് നാശവും പരിസ്ഥിതി മലിനീകരണവും ഉണ്ടാക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇത്തരത്തിൽ നിയമലംഘനം നടത്തി റോഡ് നശിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വശങ്ങളിലും, തിരക്കേറിയ ടൗണുകളിലും പ്ലാസ്റ്ററിക് മറ്റു കച്ചവടാവശിഷ്ടങ്ങൾ എന്നിവ കത്തിച്ച് പരിസ്ഥിതി നാശം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് ഉചിതമായ നടപടികൾ എടുക്കേണ്ടത് പരിസ്ഥിതി മലിനീകരണ നിയന്ത്രിത ബോർഡും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. പൊതുമരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും, കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി 3.09.2016-ലെ ജി.ഒ.(എം.എസ്) നം.63/2016/പൊ.മ.വ. പ്രകാരം ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ട്. അതിൻപ്രകാരം നടപടികൾ എടുത്ത് വരുന്നുണ്ട്. |
| (സി) ഇതുവരെ എത്ര കേസ്സുകൾ ഇത്തരക്കാർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തെല്ലാമാണ്; | (സി) പൊതുമരാമത്ത് വകുപ്പിന് നിരത്തു വിഭാഗത്തിന്റെ കീഴിലെ റോഡുകളുടെ വശങ്ങളിൽ മാലിന്യങ്ങൾ കത്തിച്ച് റോഡിന് നാശനഷ്ടങ്ങൾ ഉണ്ടായതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ പരാതിയിൽ ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |

[redacted] [redacted]

(ഡി) റോഡ് സുരക്ഷയ്ക്കും പരിസ്ഥിതിയ്ക്കും വിഘാതം സൃഷ്ടിക്കുന്ന ഇത്തരം നിയമലംഘനം നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ഡി) റോഡ് സുരക്ഷയ്ക്ക് ബാധകമാകുന്ന രീതിയിലുള്ള നിയമലംഘനം നടത്തി റോഡ് നശിപ്പിക്കുന്നവർക്കെതിരെ നിലവിലുള്ള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നടപടി എടുക്കുന്നതിനായുള്ള കർശന നിർദ്ദേശം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ